ഉത്തരം

(എ) 9 ജയിലുകൾ

ഉത്തരമേഖല:

1. തുറന്ന ജയിൽ, ചീമേനി
2. സബ് ജയിൽ, ചിറ്റൂർ
3. സബ് ജയിൽ, ഹോസ് ദുർഗ്
4. വനിതാ ജയിൽ, കണ്ണൂർ
5. സ്പെഷ്യൽ സബ് ജയിൽ, കണ്ണൂർ.
6. സ്പെഷ്യൽ സബ് ജയിൽ, കോഴിക്കോട്.

മധ്യമേഖല:

7. സബ് ജയിൽ, വിയ്യൂർ
8. ജില്ലാ ജയിൽ,എറണാകുളം

ദക്ഷിണമേഖല:

9. സ്പെഷ്യൽ സബ് ജയിൽ, തിരുവനന്തപുരം.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) അനുബന്ധം 1-ൽ ചേർത്തിരിക്കുന്ന തസ്തികകൾ കൂടാതെ തിരുവനന്തപുരം, കൊല്ലം ജില്ലാ ജയിലുകളിൽ ഓരോ വെൽഫയർ ഓഫീസർ ഗ്രേഡ്-2 തസ്തിക കൂടി പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) കണ്ണൂർ ജില്ലയിലെ ബോർസ്റ്റൽ സ്കൂൾ ജില്ലാ ജയിലാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട്,മലപ്പുറം എന്നിവിടങ്ങളിൽ പുതിയ ജില്ലാ ജയിലുകൾ തുടങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

ജയിൽ ദിനത്തിനായി ചെലവഴിച്ച തുക

88(294) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇത്തവണത്തെ ജയിൽ ദിനത്തിൽ സംസ്ഥാനത്താകെ എത്ര അന്തേവാസികളാണ് പങ്കെടുത്തത് എന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ :

(ബി) ഇതിനായി ജയിൽ വകുപ്പ് എത്ര സംഖ്യ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3-02-2011 വരെ 43 ജയിലുകൾ ജയിൽ ദിനാഘോഷം നടന്നു. പങ്കെടുത്ത തടവുകാരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം-823

കൊല്ലം-149

പത്തനംതിട്ട-103

ആലപ്പുഴ-165

കോട്ടയം-190

എറണാകുളം-438

തൃശ്ശൂർ-1013

ഇടുക്കി-83

കണ്ണൂർ-1156

കോഴിക്കോട്-356

പാലക്കാട്-109

മലപ്പുറം-169

വയനാട്-64

കാസർഗോഡ്-143

(ബി) 5,06,750 രൂപ.

സംസ്ഥാനത്ത് അഴിമതി/കൈക്കൂലി ഇടപാടുകളുമായി ബന്ധപ്പെട്ട വിജിലൻസ് കേസുകൾ

89(295) ശ്രീ. എം. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ചു വർഷത്തിനിടെ സംസ്ഥാനത്ത് അഴിമതി/കൈക്കൂലി ഇടപാടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർ ഉൾപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) സംസ്ഥാന പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) സംസ്ഥാനത്തെ പൊതുപ്രവർത്തകർ ഉൾപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly